# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 5188 06.02.2014-ൽ മറുപടിയ്ക്ക്

## ശ്രീമതി.ദിവ്യയ്ക്ക് റോഡിൽ നേരിട്ട അപമാനവും മർദ്ദനവും സംബന്ധിച്ച കേസ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി.കെ.എസ്.സലീഖ | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും, വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാന ക്യാബിനറ്റിലെ അംഗത്തിന്റെ പേഴ്സണൽ സ്റ്റാഫിന്റെ മകന്റെ ആഡംബര കാറിന് വഴിമാറിയില്ല എന്ന കാരണത്താൽ ഭർത്താവിനും മകനും ഒപ്പം യാത്ര ചെയ്ത ശ്രീമതി.ദിവ്യ എന്ന വീട്ടമ്മയ്ക്ക് നടുറോഡിൽ യാത്രയിൽ നേരിട്ട അപമാനവും കുടുംബാംഗങ്ങൾക്കേറ്റ മർദ്ദനവും ശ്രദ്ധയിൽപ്പെട്ടുവോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) എങ്കിൽ ഇതിൽ പ്രതിയായിട്ടുള്ള വ്യക്തിയുടെ പേരിൽ ഏതെല്ലാം വകുപ്പുകൾ പ്രകാരം കേസ്സെടുത്തു; വനിതാ പീഡന കേസ്സിലെ പ്രസ്തുത വ്യക്തിക്ക് ജാമ്യം നൽകിയതിന്റെ കാരണം വ്യക്തമാക്കുമോ; | (ബി) ശ്രീ. സന്ദേശ് ജി.നായർ നൽകിയ മൊഴിയുടെ അടിസ്ഥാനത്തിൽ ക്രൈം 97/14 u/s341,323, 294(b) IPC പ്രകാരം മ്യൂസിയം പോലീസ് സ്റ്റേഷനിൽ ഒരു കേസ് രജിസ്റ്റർ ചെയ്ത് നിയമ നടപടി സ്വീകരിക്കുകയുണ്ടായി. ഈ കേസിൽ ചുമത്തപ്പെട്ട വകുപ്പുകൾ പോലീസിന് ജാമ്യം നൽകാവുന്നതാകയാൽ പ്രതിക്ക് ജാമ്യം നൽകിയിട്ടുണ്ട്. |
| (സി) പ്രസ്തുത ആഡംബര കാറോടിച്ചിരുന്ന പ്രതിയായ വ്യക്തി മദ്യപിച്ചിരുന്നതും കാറിന്റെ ഗ്ലാസ്സിൽ നിരോധിത പേപ്പർ ഒട്ടിച്ചിരുന്നതും, കാറിൽ മദ്യക്കുപ്പികളുണ്ടായിരുന്നതും പോലീസിന്റെ ശ്രദ്ധയിൽപ്പെട്ടുവോ; വ്യക്തമാക്കുമോ; | (സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) പ്രസ്തുത കേസ്സിൽ ശ്രീമതി.ദിവ്യ, ഭർത്താവ് എന്നിവരുടെ മൊഴി ശരിയായി പോലീസ് രേഖപ്പെടുത്തിയോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ; | (ഡി) ശ്രീ. സന്ദേശ് ജി.നായരുടെ മൊഴി പോലീസ് രേഖപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത മൊഴിയുടെ അടിസ്ഥാനത്തിലാണ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. ഈ സംഗതിയിൽ |

| | |
|---|---|
| | അന്വേഷണാർത്ഥം ശ്രീമതി. ദിവ്യയുടെ മൊഴിയും രേഖപ്പെടുത്തിയിട്ടുള്ളതാണ്. |
| (ഇ) പ്രസ്തുത കേസ്സിൽ ഏതെല്ലാം പോലീസ് ഉദ്യോഗസ്ഥർ പരാതിക്കാരോട് അപമര്യാദയായി പെരുമാറി; ഇവർക്കെതിരെ എന്തു നടപടികൾ സ്വീകരിച്ചു; വ്യക്തമാക്കുമോ; | (ഇ) പരാതിക്കാരോട് പോലീസുകാർ അപമര്യാദയായി പെരുമാറിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ കേസെടുത്തതിലുള്ള അപാകതകൾ ശ്രദ്ധയിൽപ്പെട്ടതിനാൽ മ്യൂസിയം പോലീസ് സ്റ്റേഷനിലെ ഗ്രേഡ് എ.എസ്.ഐ. ശ്രീ. ബാബുവിനെ അന്വേഷണ വിധേയമായി സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്തിട്ടുണ്ട്. |
| (എഫ്) മ്യൂസിയം പോലീസിന്റെ അന്വേഷണം ഫലപ്രദമല്ലാത്തതിനാൽ പ്രസ്തുത പത്രപ്രവർത്തകന്റെ കുടുംബത്തിനെതിരെയുണ്ടായ അതിക്രമം സംബന്ധിച്ച് ഉന്നതതല അന്വേഷണം നടത്താൻ സർക്കാർ എന്തു നടപടികൾ സ്വീകരിക്കും; വിശദാംശം വ്യക്തമാക്കുമോ? | (എഫ്) മ്യൂസിയം പോലീസ് സർക്കിൾ ഇൻസ്പെക്ടറെ ഈ കേസിന്റെ അന്വേഷണത്തിനായി ചുമതലപ്പെടുത്തുകയും ടിയാൻ ഊർജ്ജിതമായ അന്വേഷണം നടത്തിവരികയുമാണ്. |

[signature]

സെക്ഷൻ ഓഫീസർ